പഴയ പദ്ധതികളുടെ നവീകരണ പ്രവർത്തനങ്ങൾ

അനുവദിച്ച തുക - 74.75 ലക്ഷം രൂപ

ചെലവഴിച്ച തുക - 74.75 ലക്ഷം രൂപ

ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾക്കായി 2,30,62,905 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനായി അനുവദിച്ച തുക 4,25,76,000 രൂപ.

ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾക്കായി ആകെ 34,01,183 രൂപ ചെലവഴിച്ചിട്ടുണ്ട്.

കൽപ്പറ്റ നിയോജകമണ്ഡലത്തിലെ പദ്ധതികൾ

125 (8185) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ജലവിഭവവകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി/ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(സി) ഭരണാനുമതി/സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികളിന്മേലുള്ള തുടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കേരള ജലഅതോറിറ്റിയുടെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം, തുടർ നടപടികൾ എന്നിവ അനുബന്ധം എ-യിൽ കാണാവുന്നതാണ്.*

ഭൂജല വകുപ്പ് മുഖേന വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനം - 2014-ന്റെ ഭാഗമായി 3 കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതാണ്.

1. തുക്കോടൻകുന്ന്, മുട്ടിൽ ഗ്രാമ പഞ്ചായത്ത്
2. നബീസ പുളിയോടി വീടിനു സമീപം, മുട്ടിൽ ഗ്രാമ പഞ്ചായത്ത്
3. രാജീവ് നഗർ കോളനി, കോട്ടത്തറ ഗ്രാമ പഞ്ചായത്ത്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജലനിധി രണ്ടാം ഘട്ടത്തിൽ ബാച്ച് 2-ൽ കൽപ്പറ്റ നിയോജകമണ്ഡലത്തിൽ കണിയാമ്പറ്റ, പൊഴുതന, കോട്ടത്തറ എന്നീ 3 പഞ്ചായത്തുകളിലായി 42 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ചീഫ് എഞ്ചിനീയറുടെ (പദ്ധതി വിഭാഗം-I) കീഴിൽ കാരാപ്പുഴ ജലസേചന പദ്ധതി ഡിവിഷന്റെ മേൽനോട്ടത്തിൽ ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ 4.92 കോടി രൂപയുടെ ടൂറിസം വികസന പദ്ധതി പ്രവൃത്തികൾ നടന്നുവരുന്നു.

ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധം I- ൽ കാണാവുന്നതാണ്.*

(ബി) ഭൂജല വകുപ്പിന്റെയും, കേരള ജല അതോറിറ്റിയുടെയും, ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം-I)ന്റെയും കീഴിലുള്ള എല്ലാ പദ്ധതികൾക്കും ഭരണാനുമതി/സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ജലനിധിയുടെ കീഴിലുള്ള പദ്ധതികൾക്ക് കണിയാമ്പറ്റ, പൊഴുതന, കോട്ടത്തറ എന്നീ പഞ്ചായത്തുകളിലെ 28 കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതിയും, 18 കുടിവെള്ള പദ്ധതികൾക്ക് സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്.

ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ ഭരണാനുമതി/ സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശം അനുബന്ധം -I-ൽ കാണാവുന്നതാണ്.*

(സി) ഭൂജലവകുപ്പ് മുഖേന നടപ്പിലാക്കുന്ന മുട്ടിൽ ഗ്രാമപഞ്ചായത്തിലെ തൃക്കോടൻകുന്ന്, നബീസ പുളിയോടി വീടിനു സമീപം എന്നീ സ്ഥലങ്ങളിലെ കുടിവെള്ള പദ്ധതികൾക്കായി ലാന്റ് റിലിങ്കുിഷ്മെന്റ് ലഭിക്കാത്തതിനാൽ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. കോട്ടത്തറ രാജീവ് നഗർ കോളനിയിൽ കഴൽ കിണർ നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു.

ജലനിധിയുമായി ബന്ധപ്പെട്ട 17 കുടിവെള്ള പദ്ധതികൾക്ക് പഞ്ചായത്തും ഗുണഭോക്തൃ സമിതിയുമായി കരാർ വയ്ക്കുകയും 11 പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ചീഫ് എഞ്ചിനീയറുടെ (പദ്ധതി വിഭാഗം-I)-ന് കീഴിലുള്ള കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്.

ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ ഭരണാനുമതി/ സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ അനുബന്ധം II-ൽ കാണാവുന്നതാണ്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly